# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 4272 | 03.02.2014 ൽ മറുപടിയ്ക്ക്

## പട്ടികജാതി കുടുംബങ്ങൾക്ക് ശൗചാലയ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ<br>,, ഐ.സി. ബാലകൃഷ്ണൻ<br>,, എ.പി. അബ്ദുള്ളക്കുട്ടി<br>,, ഡൊമിനിക് പ്രസന്റേഷൻ | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പട്ടികജാതി കുടുംബങ്ങൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങളോടു കൂടിയ ശൗചാലയ നിർമ്മാണത്തിന് ധനസഹായം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) & (ബി) | സ്വന്തമായി ടോയ്‌ലറ്റ് ഇല്ലാത്ത 25000/- പട്ടികജാതി കുടുംബങ്ങൾക്ക് 25,000/- രൂപ നിരക്കിൽ ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കുന്നുണ്ട്. വാസയോഗ്യമായ വീടുകളിൽ ടോയ്‌ലറ്റ് സംവിധാനം നിലവിൽ ഇല്ലാത്ത, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ടോയ്‌ലറ്റ് നിർമ്മാണത്തിന് ധനസഹായം ലഭിച്ചിട്ടില്ലാത്ത കുടുംബങ്ങളെയാണ് ഈ പദ്ധതി പ്രകാരം പരിഗണിക്കുന്നത്. |
| (ബി) | അർഹരായവരെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ ; വിശദാംശങ്ങൾ നൽകാമോ ; | | |
| (സി) | മുൻകാലങ്ങളിൽ വീട് വയ്ക്കാൻ ധനസഹായം ലഭിച്ചിട്ടുള്ളവർക്ക് ഇതിന് അർഹതയുണ്ടാകുമോ? | (സി) | മുൻകാലങ്ങളിൽ വീട് വയ്ക്കാൻ ധനസഹായം ലഭിച്ചിട്ടുള്ളതിൽ ടോയ്‌ലറ്റ് ഇല്ലാത്തതും ടോയ്‌ലറ്റ് നിർമ്മാണത്തിന് ധനസഹായം ലഭിച്ചിട്ടില്ലാത്തതുമായവർക്ക് അർഹതയുണ്ട്. |

Bala K.J

സെക്ഷൻ ഓഫീസർ